1. പസഫിക് കൺസൾട്ടൻസ് ഇന്റർനാഷണൽ (ജപ്പാൻ)
2. മോണ്ട് ഗോമറി വാട്സൺ, യു.കെ.
3. മോട്ട് മാക്ഡൊണാൾഡ് ലിമിറ്റഡ്, യു.കെ.
4. ലാമെയർ ഇന്റർനാഷണൽ, ജർമ്മനി.

ഈ നാലു ടെൻഡറുകളെപ്പറ്റിയുള്ള നിയമോപദേശവും കണക്കിലെടുത്താണ് അവയുടെ സാങ്കേതിക മൂല്യ നിർണ്ണയം നടത്തിയത്.

സഹകരണ മേഖലയിൽ കൊച്ചിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി

160 (2708) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ കൊച്ചിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിന് മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിനായി ഒരു സ്വയംഭരണ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഘടന സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) ഇതിന്റെ പ്രവർത്തന മൂലധനമായി എന്തു തുക വേണ്ടി വരുമെന്നാണ് കണക്കായിട്ടുള്ളത് ; അത് എവിടെ നിന്നെല്ലാമാണ് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഇ) ഈ മെഡിക്കൽ കോളേജുകളിലേക്കുള്ള ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) യൂണിവേഴ്സിറ്റി നിയമനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രായ പരിധി അനുവദനീയ ഇളവുകൾ എന്നിവ ഇതിനും ബാധകമാണോ ;

(ജി) ഈ സ്ഥാപനത്തിന്റെ പ്രധാന ഫണ്ടിംഗ് ഏജൻസികളിലേക്കുള്ള നിയമനം പി.എസ്.സി. വഴിയാണെന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ ;

(എച്ച്) ടീച്ചിംഗ് സ്റ്റാഫ് സെലക്ഷൻ കുറ്റമറ്റതാക്കാൻ എഴുത്തു പരീക്ഷയോ പ്രത്യേക മൾട്ടിപ്പിൾ ചോയിസ് പരീക്ഷയോ നടത്താൻ നിർദ്ദേശിക്കുമോ ;

(ഐ) പട്ടികജാതിക്കാർക്കും പിന്നോക്കാർക്കുമുള്ള സംവരണം ഉറപ്പാക്കാൻ എന്തു മുൻ കരുതലുകളാണ് എടുത്തിട്ടുള്ളത് ;

(ജെ) നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ മെഡിക്കൽ കൗൺസിലിന്റെ പരിഗണനയിലാണ്.

(സി) മുഖ്യമന്ത്രി ചെയർമാനും സഹകരണ വകുപ്പുമന്ത്രി വൈസ് ചെയർമാനും സംസ്ഥാന സഹകരണബാങ്ക് പ്രസിഡന്റ്, 14 ജില്ലാ ബാങ്ക് പ്രസിഡന്റുമാർ, സഹകരണവകുപ്പു സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, സംസ്ഥാന സഹകരണബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ഒരു വിദഗ്ദ്ധൻ, മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഒരു വിദഗ്ദ്ധൻ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഈ മേഖലയിലെ ഒരു വ്യവസായി, സൊസൈറ്റിയുടെ ഡയറക്ടർ (മെമ്പർ സെക്രട്ടറി) എന്നിവർ അംഗങ്ങളും ആയി രൂപീകരിച്ചിട്ടുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ആണ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നത്, അതിന്റെ ഭരണ ചുമതല നിർവഹിക്കുന്നതും.

(ഡി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനമൂലധനമായി 125 കോടി രൂപ വേണ്ടി വരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ സംസ്ഥാനത്ത് സഹകരണബാങ്കും ചില ജില്ലാ ബാങ്കുകളും സംഭാവനയായി നൽകിയ തുകയാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ അക്കാഡമിയുടെയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിനാവശ്യമായ പല ധനസമാഹരണ മാർഗ്ഗങ്ങളും പരിഗണനയിലുണ്ട്. സർക്കാർ അനുവദിക്കുന്ന ഗ്രാന്റും ഇതിൽ ഉൾപ്പെടുന്നു.

(ഇ&എഫ്) മെഡിക്കൽ കൗൺസിലും, യൂണിവേഴ്സിറ്റിയും നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരെ പി.എസ്.സി. നടത്തുന്ന ടെസ്റ്റ്. ഇന്റർവ്യൂ മാതൃകയിൽ മെരിറ്റടിസ്ഥാനത്തിൽ നിയമിക്കുവാനാണ് അക്കാഡമി ഉദ്ദേശിക്കുന്നത്. പുതിയതായി ആരംഭിക്കുന്ന സ്ഥാപനമെന്ന നിലയിൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫഷണലുകളുടെ സേവനവും അനിവാര്യമാണെന്നുള്ളതുകൊണ്ട് അതും താല്ക്കാലികമായി പ്രയോജനപ്പെടുത്തുവാനും അക്കാഡമി ഉദ്ദേശിക്കുന്നുണ്ട്.

(ജി) ഉണ്ട്.

(എച്ച്-ജെ) നിയമനങ്ങൾ സംബന്ധിച്ച് റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കുമ്പോൾ ഈ വകകാര്യങ്ങൾ അക്കാഡമി പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly